ശ്രീ. ടി. കെ. രാമകൃഷ്ണൻ: കൊച്ചിയിലെ ഗവണ്മെൻറ് അദ്ധ്യാപക സംഘടനയുടെ പ്രത്യേകാവശ്യത്തിനായി ഈ ഫണ്ട് വിനിയോഗിക്കണമെന്നായിരുന്ന ഇതിൻെറ സ്ഥാപകനായ ശ്രീ. സി. മത്തായിയുടെ ഉദ്ദേശം. അതിനു വിരുദ്ധമായി ഗവണ്മെൻറ് ഒരു തീരുമാനം എടുത്തിരിക്കുന്നതുകൊണ്ട് ആ ഫണ്ട് തിരിയെ കിട്ടണമെന്ന് കേരളാ ഗവണ്മെൻറ് ടീച്ചേഴ്സ് അസോസിയേഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ: പ്രത്യേകം ചോദിച്ചാൽ പറയാം.

Mr. Speaker : Question 14. An identical question has been already answered.

ഗവണ്മെൻറ് സർവ്വീസിൽ ഹരിജനപ്രാതിനിദ്ധ്യം.

* 770. [15] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജനങ്ങൾക്ക് ഗവണ്മെൻറ് സർവ്വീസിൽ അർഹിക്കുന്ന പ്രാതിനിദ്ധ്യം ലഭിക്കുന്നകാര്യത്തിൽ എന്തെല്ലാം ഗവണ്മെൻറുചെയ്തു ;

(ബി) ഗസറ്റഡ് റാങ്കിൽ ഇപ്പോൾ എത്രപേർ ഉണ്ട് ;

(സി) പബ്ലിക് സർവ്വീസു കമ്മീഷനംഗമായി ഒരു ഹരിജനെ നിയമിക്കുന്നകാര്യം എന്തായി :

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും നിലവിലുള്ള സർവ്വീസു ചട്ടപ്രകാരം പത്തുശതമാനം സംവരണത്തിനുപുറമേ, എല്ലാ ഡിപ്പാർട്ടുമെൻറുകളിലും ഏറ്റവും താണ ഗസറ്റഡ് തസ്തികകളിൽ, അവരിൽ ഒരാളെയെങ്കിലും നിയമിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിലെ നിയമനങ്ങളിൽ 50 ശതമാനം അവർക്കു സംവരണം നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഒഴിവിൽ നിയമനം നടത്തുന്നകാര്യം ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണ്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഏതെല്ലാം ഡിപ്പാർട്ടുമെൻറുകളിൽ ഗസറ്റഡ് റാങ്കിൽ നിയമനം നടത്തിയിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. ആർ. ശങ്കർ : ഡിപ്പാർട്ടുമെൻറു വേർതിരിച്ചുള്ള മുഴുവൻ വിവരവും ഇപ്പോൾ കൈവശമില്ല. വിവരം കിട്ടിയിട്ടുള്ള ഡിപ്പാർട്ടുമെൻറുകൾ താഴെ പറയുന്നവയാണ്: പബ്ലിക്ക് ഡിപ്പാർട്ടുമെൻറ്, അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെൻറ്, പി. ഡബ്ലിയു. ഡി., സ്റ്റോർപർച്ചേസ്, ഡവലപ്മെൻറ്, ഫൈനാൻസ്, ലാ ഡിപ്പാർട്ടുമെൻറ്, ഇലക്ഷൻവകുപ്പ്. ബാക്കി വിവരങ്ങൾ ശേഖരിച്ചുവരികയാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽ ഇതുവരെ ഹരിജനെ ഗസറ്റഡ് റാങ്കിൻ നിയമിച്ചില്ല. ആപ്പറേഷൻ വകുപ്പിൽനിന്നു യോഗ്യതയുള്ള ഹരിജനങ്ങളെ പ്രമോട്ടുചെയ്തു നിയമിക്കാമെന്നാണുദ്ദേശിക്കുന്നതു്. പി. എസ്സ്. സി. യോഗ്യതയുള്ള ആളുകളെ അവിടെ നിയമിച്ചിട്ടുണ്ടോ; അങ്ങനെവരുമ്പോൾ ഈ കാര്യം പരിഗണിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ട്രാൻസ്പോർട്ടിൽ പ്രത്യേകം നിയമനം നടത്തിയിട്ടായി ഓർക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ് : ഹരിജന ഉദ്യോഗസ്ഥന്മാരുടെ കാര്യക്ഷമതയെപ്പറ്റി യാതൊരു ദുഃസൂചനയുംകൂടാതെ ഞാൻ ചോദിക്കുകയാണു്: താരതമ്യേന അവർക്കു കാര്യക്ഷമത കുറച്ചു കുറവാണെന്നുള്ള ചിന്താഗതിയെ മുൻനിറുത്തി, ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൽ, 50 ശതമാനം അവക്കു നീക്കിവച്ചാൽ, ആ ഡിപ്പാർട്ടുമെൻറിന്റെ കാര്യക്ഷമതയെ ബാധിക്കുകയില്ലേ ? അവരെ എപ്പോ ഡിപ്പാർട്ടുമെൻറുകളിലുമായി നിയമിക്കുന്നതിനു നടപടി സ്വീകരിക്കുന്നതല്ലേ യുക്തം ?

ശ്രീ. ആർ. ശങ്കർ : എല്ലാ ഡിപ്പാർട്ടുമെൻറുകളിലും ഓരോരുത്തരെ ഗസറ്റഡ് റാങ്കിലേക്കു നിയമിച്ചിട്ടുണ്ടു്. ഇതുവരെയുള്ള അനുഭവത്തിൽനിന്നു് അങ്ങനെ അവസരം ലഭിക്കുന്ന ഹരിജൻസിനു് പ്രത്യേകം കാര്യക്ഷമതക്കുറവു് എന്തെങ്കിലും ഉള്ളതായി കാണുന്നില്ല. ഹരിജൻവെൽഫെയർ ഡിപ്പാർട്ടുമെൻറിൽ 50 ശതമാനം ഉദ്യോഗങ്ങളിൽ അവർക്കു റിസർവ്വേഷൻ ഉണ്ടായാൽ, കൂടുതൽ പ്രവർത്തനസൗകര്യം ലഭിക്കുകയും, കുറേകൂടി നല്ല റിക്കാർഡു് കാണിക്കാൻ അവസരം ലഭിക്കുകയുംചെയ്യുമെന്നാണു ഗവണ്മെൻറു വിശ്വസിക്കുന്നതു്.

ശ്രീമതി കെ. ആർ. സരസ്വതിഅമ്മ : ജാതിയും, മതവും മറ്റു അവാന്തരവിഭാഗങ്ങളും നോക്കി ജോലികൊടുക്കുന്ന ഈ രാജ്യത്തു് ആകെ ജനസംഖ്യയിൽ പകുതിയിൽ കൂടുതൽവരുന്ന സ്ത്രീകൾക്കു പ്രത്യേകം അർഹിക്കുന്ന പ്രാതിനിദ്ധ്യം കൊടുക്കാൻ വല്ല നടപടിയും എടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : സ്ത്രീകളോടു് അങ്ങനെ പ്രത്യേകമായി പെരുമാറാൻ പാടില്ലെന്നു കാണ്സ്റ്റിറ്റ്യൂഷനിൽ വ്യവസ്ഥയുണ്ടു്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : 1963-ൽ 27 ഗസറ്റഡു് പോസ്റ്റിലേക്കു ഹരിജനങ്ങളെ നിയമിക്കാൻ പി. എസ്. സി. ശുപാർശ ചെയ്തിട്ടുണ്ടു്, 13 പേരെമാത്രമേ നിയമിച്ചിട്ടുള്ളൂ. ബാക്കി ഉള്ളവരെ നിയമിക്കാതിരിക്കാൻ കാരണമെന്തു് ?

ശ്രീ. കെ. കുഞ്ഞമ്പു : അതിൽ 22 പേരെ നിയമിച്ചിട്ടുണ്ടു്. ബാക്കിയുള്ളവരെ നിയമിക്കാൻ നടപടി എടുത്തുവരികയാണു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഗവണ്മെൻറു പ്രത്യേക പരിഗണനയുടെ അടിസ്ഥാനത്തിൽ പട്ടികജാതിക്കാർക്കും, പട്ടികവർഗ്ഗത്തിനും പത്തു ശതമാനം സീറ്റു റിസർവ്വുചെയ്തിട്ടുണ്ടു്. എൻജിനീയറിംഗു് കോളേജുകളിലും, മെഡിക്കൽ കോളേജുകളിലും, കാർഷികകോളേജുകളിലും അവർക്കു 5 ശതമാനം സീറ്റു റിസർവ്വുചെയ്തിട്ടുള്ളൂ. പാസ്സായാൽ മുഴുവൻ ആളുകൾക്കും ജോലികിട്ടാൻ അർഹതയുള്ള സാങ്കേതിക കോളേജുകളിൽ പ്രവേശനം പത്തുശതമാനം എന്നു വയ്ക്കുന്നതോ ?

ശ്രീ. ആർ. ശങ്കർ : പത്തുശതമാനം റിസർവ്വേഷൻ എന്നു പറയുന്നതു് ജനസംഖ്യാനുപാതിക ക്രമത്തിലാണു്. കോളേജുകളിലെ സീറ്റു റിസർവ്വുചെയ്തിരിക്കുന്നതു് ആ അടിസ്ഥാനത്തിലല്ല. 50 ശതമാനത്തിനുപുറമേ റിസർവ്വു ചെയ്തിരിക്കുകയാണു്. കോളേജുകളിലെ 5 ശതമാനം റിസർവ്വേഷൻ വച്ചിട്ടുള്ളതുതന്നെ, മാർക്കിന്റെ ശതമാനം വളരെ താഴ്ത്തിയിട്ടാണു്. എന്നിട്ടും പലപ്പോഴും ആവശ്യംപോലെ അപേക്ഷകരും ഉണ്ടാകുന്നില്ല. കൂടുതൽ ആളുകൾ വരികയാണെങ്കിൽ കുറേകൂടി സൗജന്യം നൽകാൻ ഗവണ്മെൻറു സന്നദ്ധമാണു്.

ശ്രീമതി എ. നഫീസത്തു ബീവി : സ്ത്രീകളുടെ കാര്യം പ്രത്യേകമായി പരിഗണിക്കുകയില്ല എന്നു പറഞ്ഞു. സ്ത്രീകൾക്കും പുരുഷന്മാരെപ്പോലെതന്നെ എല്ലാ ഡിപ്പാർട്ടുമെൻറുകളിലും നിയമനം നൽകുന്നതിനു ശ്രദ്ധിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഇപ്പോഴും അങ്ങനെയാണു ചെയ്യുവരുന്നതു്.